# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4414 27.06.2013 ൽ മറുപടിക്ക്

### അവശ്യസാധനങ്ങൾ കുറഞ്ഞ നിരക്കിൽ നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. എം. എ. വാഹീദ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |

(എ) അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 50 ശതമാനം വരെ കുറഞ്ഞ നിരക്കിൽ നൽകാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(എ) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് സപ്ലൈകോ മാവേലി/ സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റു വരുന്നു. താഴെ പറയുന്ന 13 ഇനങ്ങൾ സബ്സിഡി നിരക്കിൽ മാർക്കറ്റ് വിലയേക്കാൾ ഏകദേശം 50% വരെ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു.

| ക്രമ നമ്പർ | ഇനം | വില കി. ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന് | 36.00 |
| 3 | വൻകടല | 44.00 |
| 4 | വൻപയർ | 26.50 |
| 5 | തുവരപ്പരിപ്പ് | 34.00 |
| 6 | മുളക് | 45.00 |
| 7 | മല്ലി | 45.90 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 19.00 |
| 11 | മട്ട അരി | 16.00 |
| 12 | പച്ചരി സോർട്ടക്സ് | 16.00 |
| 13 | വെളിച്ചെണ്ണ | 62.00 |

കൂടാതെ OMSS പ്രകാരം പുഴുക്കലരി 19.50 രൂപ, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തുവരുന്നു. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സാധാരണ ജനങ്ങൾക്ക് ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കി പൊതു വിപണിയിൽ ഉണ്ടാകാനിടയുള്ള വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ് വിപണിയിടപെടൽ പദ്ധതിയുടെ ലക്ഷ്യം. |
| (സി) | എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിക്കുന്നത്; | (സി) | നിലവിൽ സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. |
| (ഡി) | ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്? | (ഡി) | സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി സംസ്ഥാനത്തൊട്ടാകെ 1400 ചില്ലറ വിൽപ്പന ശാലകൾ വഴി സുഗമമായി നടപ്പിലാക്കി വരുന്നു. |

Beenan

സെക്ഷൻ ഓഫീസർ